St Claret College LIBRARY Bangalore-560013

NP – 049

5

I Semester B.B.A./B.C.A./B.H.M. Degree Examination, May 2022
(NEP – 2021-22 and Onwards)
MALAYALAM LANGUAGE (Part – I, Paper – I)

Time : 2½ Hours | Max. Marks : 60

SECTION – A

I. **എല്ലാ** ചോദ്യങ്ങൾക്കും **ശരിയുത്തരം** തിരഞ്ഞെടുത്തെഴുതുക. **(5×1=5)**

1) മോഹാലസ്യപ്പെട്ടു വീണ ധൃതരാഷ്ട്രരെ എഴുന്നേല്പിച്ചതാര് ?

1) വിദുരർ 2) സഞ്ജയൻ

3) വ്യാസൻ 4) ഗാന്ധാരി

2) സ്ത്രീപർവ്വം എന്ന കൃതിയുടെ രചയിതാവ്.

1) ആശാൻ 2) എഴുത്തച്ഛൻ

3) ഉള്ളൂർ 4) വള്ളത്തോൾ

3) കത്തുകൾ എന്ന ലേഖനത്തിന്റെ രചയിതാവ്.

1) കെ. പി. അപ്പൻ 2) ബാബുപോൾ

3) എം. പി. പോൾ 4) സക്കറിയ

4) അവൻ വീണ്ടും വരുന്നു എന്ന നാടകത്തിന്റെ രചയിതാവ്.

1) എം. പി. പോൾ 2) സി. ജെ. തോമസ്

3) ബഷീർ 4) ബാബുപോൾ

5) മാത്തുക്കുട്ടിയുടെ ഭാര്യയുടെ പേര്.

1) മറിയാമ്മ 2) സാറാമ്മ

3) മേരി 4) ത്രേസ്യ

II. ഏതെങ്കിലും **അഞ്ചെണ്ണ**ത്തിന് ഉത്തരമെഴുതുക. (സന്ദർഭം, ആശയം വ്യക്തമാക്കുക) **(5×3=15)**

1) പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് വന്നുടൻ കൂടു മൊരു നേരം.

P.T.O.

2) വാഴപ്പഴന്താനശിപ്പാൻ കരയുന്ന
ബാലക്കിടാങ്ങളെപ്പോലെ തുടങ്ങൊലാ.

3) വാട്ടം കളഞ്ഞു സന്തുഷ്ടനായ് വാഴ്ക നീ
കേട്ടാലുമെങ്കിൽ ചെവി തന്നു വാസ്തവം.

4) പുത്രരാകുന്നതവർകൾ നിങ്ങൾക്കിനി
നിത്യ സുഖേന രക്ഷിപ്പവർ നിങ്ങളെ.

5) ചിക്കനെ പ്പുൽകിനാൻ ഗാഢം നരപതി
യൊക്കെ പ്പൊടിഞ്ഞിതു ഭീമപ്രതിമയും.

6) ഭാഗ്യമില്ലാത പെണ്ണുങ്ങളിൽ മുൻപെനി –
ക്കാക്കിച്ചമച്ചിതോ ദൈവം വിധിവശാൽ

7) മിഥ്യയെന്നോർത്തരുളി, പ്രപഞ്ചത്തെ നീ,
സത്യമെന്നോർത്തു പോം മായ കൊണ്ടേവരും.

8) മന്നവ നീയിതു ചെയ്യുമെന്നുള്ളതു
മുന്നമേയുള്ളിലറിഞ്ഞിതു ഞാനെടോ.

SECTION – B

III. ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (**അരപുറ**ത്തിൽ കവിയാതെ) **(5×4=20)**

1) വചനം എന്നാൽ എന്ത് ? എത്ര വിധം ? ഏതെല്ലാം ? ഉദാഹരണ സഹിതം വ്യക്തമാക്കുക.

2) ധൃതരാഷ്ട്രർക്കു വിദുരർ നല്കുന്ന ഉപദേശം വ്യക്തമാക്കുക.

3) പോപ്പിന്റെ കത്തുകളെ ആരും അംഗീകരിക്കാതെ പോയതിനു കാരണം വ്യക്തമാക്കുക.

4) കുടിക്കാം ഈ കഷായം മട്ടുവരെ കുടിക്കാം. രണ്ടു പേർക്കും വേണ്ടുവോളം ഉണ്ട്. – സന്ദർഭം വ്യക്തമാക്കുക.

5) ലിംഗം എന്നാലെന്ത് ? എത്ര വിധം ? ഏതെല്ലാം ? ഉദാഹരണ സഹിതം വ്യക്തമാക്കുക.

6) ഗാന്ധാരിയും മറ്റു സ്ത്രീകളും പടക്കളത്തിൽ കാണുന്ന കാഴ്ചകൾ വിവരിക്കുക.

7) അധ:പതനമാണ് ഹാസ്യത്തിന് നിദാനം എന്നു അരിസ്റ്റോട്ടിൽ പറയാനുള്ള കാരണം വ്യക്തമാക്കുക.

8) മറിയാമ്മച്ചേടത്തിയുടെ സ്വഭാവം വിവരിക്കുക.

SECTION – C

IV. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (**ഒരു പുറ**ത്തിൽ കവിയാതെ) **(4×5=20)**

1) നാടകത്തിലെ 'ആത്മഗതം' ഒരു കവി സങ്കേതം മാത്രമാണ് എന്നു പറയാനുള്ള കാരണം വ്യക്തമാക്കുക.

2) സാറാമ്മ അനുഭവിക്കുന്ന മാനസിക സംഘർഷം.

3) കൊല്ലിക്കയല്ലോ നിനക്കു രസമെടോ – എന്ന് ഗാന്ധാരി കൃഷ്ണനോടു പറയാനുണ്ടായ കാരണം വ്യക്തമാക്കുക.

4) എഴുത്തു സാഹിത്യം അഭിവൃദ്ധി പ്രാപിച്ച സാഹചര്യങ്ങൾ വ്യക്തമാക്കുക.

5) അവൻ വീണ്ടും വരുന്നു വിധി ദിവസം സമാഗതമായിരിക്കുന്നു – എന്താണ് വിധി ?

6) ഗാന്ധാരിയ്ക്കു വ്യാസൻ നല്കുന്ന ഉപദേശം.